# ബ്രസ്സൽസിൽ നടന്ന 11-ാമത് ഇന്ത്യ-EU വിദേശനയ-സുരക്ഷാ കൺസൾട്ടേഷനുകളുടെയും 6-ാമത് ഇന്ത്യ - യൂറോപ്യൻ യൂണിയൻ തന്ത്രപരമായ പങ്കാളിത്ത അവലോകന യോഗത്തെയും കുറിച്ചുള്ള സംയുക്ത പത്രക്കുറിപ്പ്

നവംബർ 25, 2025

യൂറോപ്യൻ യൂണിയനും ഇന്ത്യയും ബ്രസ്സൽസിൽ നവംബർ 18, 19 തീയതികളിൽ യഥാക്രമം 11-ാമത് ഇന്ത്യ-യൂറോപ്യൻ യൂണിയൻ വിദേശനയ-സുരക്ഷാ കൺസൾട്ടേഷനുകളും 6-ാമത് തന്ത്രപരമായ പങ്കാളിത്ത അവലോകന യോഗവും നടത്തി.

2. യോഗത്തിൽ ഉഭയകക്ഷി ബന്ധത്തിന്റെ പൂർണ്ണമായ വിലയിരുത്തൽ നടത്തുകയും 'ഇന്ത്യ-EU തന്ത്രപരമായ പങ്കാളിത്തം: 2025 ലേക്ക് ഒരു റോഡ്മാപ്പ്' നടപ്പിലാക്കുന്നതിലെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു, ഇത് ഈ വർഷം പൂർത്തിയാകും. ഫെബ്രുവരിയിൽ നടന്ന കോളേജ് ഓഫ് കമ്മീഷണേഴ്സിന്റെ നാഴികക്കല്ലായ ഇന്ത്യാ സന്ദർശനം, ജൂണിലെ HRVP കല്ലാസും വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറും ചേർന്ന് ബ്രസ്സൽസിൽ നടത്തിയ ആദ്യ EU-ഇന്ത്യ തന്ത്രപരമായ സംഭാഷണം, സെപ്റ്റംബറിൽ ഇന്ത്യയെക്കുറിച്ചുള്ള തന്ത്രപരമായ അജണ്ടയിൽ സംയുക്ത ആശയവിനിമയം EU സ്വീകരിച്ച നടപടി എന്നിവ ഉൾപ്പെടെ EU-ഇന്ത്യ ബന്ധങ്ങളിലെ പുരോഗതിയെ ഇരുപക്ഷവും സ്വാഗതം ചെയ്തു.

3. സാമ്പത്തിക സുരക്ഷ, ശക്തമായ വിതരണ ശൃംഖലകൾ, വ്യാപാരവും നിക്ഷേപവും, ഗ്ലോബൽ ഗേറ്റ്‌വേ, ഇന്ത്യ-EU കണക്റ്റിവിറ്റി പങ്കാളിത്തം, ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി (IMEC), നവീകരണം, ശാസ്ത്ര- സാങ്കേതികവിദ്യ എന്നീ മേഖലകളിലെ സഹകരണം, വിദ്യാഭ്യാസം, ഗവേഷണം എന്നിവയിൽ ആഴത്തിലുള്ള ആശയവിനിമയത്തിനുള്ള അവസരങ്ങൾ എന്നിവയുൾപ്പെടെയുള്ള വിപുലമായ വിഷയങ്ങളാണ് ചർച്ചയിൽ ഉൾപ്പെടുത്തിയത്.

4. ഈ വർഷം അവസാനത്തോടെ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ചുള്ള ചർച്ചകൾ അന്തിമമാക്കാനും നിക്ഷേപ സംരക്ഷണ കരാറിലും ഭൂമിശാസ്ത്രപരമായ സൂചനകൾ സംബന്ധിച്ച കരാറിലും

ചർച്ചകൾ ത്വരിതപ്പെടുത്താനുമുള്ള പങ്കിട്ട അഭിലാഷം ഇരുപക്ഷവും ആവർത്തിച്ചു. ബഹുമുഖ തലത്തിലുള്ള സഹകരണത്തിന്റെ പ്രാധാന്യവും വിതരണ ശൃംഖല വൈവിധ്യവൽക്കരണം ഉൾപ്പെടെയുള്ള സാമ്പത്തിക വിഷയങ്ങളിലെ തുടർച്ചയായ സംഭാഷണവും അവർ അടിവരയിട്ടു പറഞ്ഞു. ഇന്ത്യ-EU വ്യാപാര-സാങ്കേതികവിദ്യാ കൗൺസിലിന്റെ (TTC) പുരോഗതിയും ഇരുപക്ഷവും സൂചിപ്പിക്കുകയും 2026 ൽ ബ്രസൽസിൽ നടക്കാനിരിക്കുന്ന അടുത്ത TTC മന്ത്രിസ്ഥല യോഗത്തിൽ പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.

5. ബഹുമുഖ സംവിധാനത്തിലെ മെച്ചപ്പെട്ട സഹകരണം, മാനുഷിക, ദുരന്ത നിവാരണ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള കൂട്ടായ്മ ഉൾപ്പെട്ട ദുരന്ത നിവാരണ വിഷയങ്ങളിലെ സഹകരണം തുടങ്ങിയ ആഗോള വിഷയങ്ങളിലെ പങ്കാളിത്തത്തിനുള്ള കാഴ്ചപ്പാടുകളെക്കുറിച്ചും യൂറോപ്യൻ യൂണിയനും ഇന്ത്യയും ചർച്ച ചെയ്തു. 2026-ൽ ഇന്ത്യയ്ക്ക് ലഭിക്കാനിരിക്കുന്ന BRICS അധ്യക്ഷപദവിയെക്കുറിച്ച് അവർ സൂചിപ്പിക്കുകയും ആഗോള പ്രശ്നങ്ങളിൽ ആഗോള തലത്തിൽ സംയുക്തമായി ചെയ്യേണ്ട വിഷയങ്ങൾ പര്യവേക്ഷണം ചെയ്യേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിർത്തി കടന്നുള്ള ഭീകരവാദം ഉൾപ്പെടെ എല്ലാ തരത്തിലുമുള്ള ഭീകരവാദത്തെയും അക്രമാസക്തമായ തീവ്രവാദത്തെയും ഇരുപക്ഷവും അപലപിച്ചു. ഇന്ത്യ-EU മനുഷ്യാവകാശ സംഭാഷണത്തിന്റെ അടുത്ത പതിപ്പിനായി അവർ ആകാംക്ഷയോടെ കാത്തിരിക്കുന്നതായും അറിയിച്ചു.

6. പ്രാദേശിക, ആഗോള സുരക്ഷയിൽ ഏകോപനം വർദ്ധിപ്പിക്കുന്നതിനുള്ള പങ്കിട്ട പ്രതിബദ്ധത ചർച്ചകളിൽ എടുത്തുപറഞ്ഞു, കൂടാതെ സ്വതന്ത്രവും തുറന്നതും ഉൾച്ചേർക്കുന്നതും സമാധാനപരവുമായ ഇൻഡോ-പസഫിക് പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവരുടെ പങ്കിട്ട പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്തു. നിയമാധിഷ്ഠിത അന്താരാഷ്ട്ര ക്രമം, പരമാധികാരത്തോടുള്ള ബഹുമാനം, പ്രാദേശിക സമഗ്രത, തർക്കങ്ങൾക്കുള്ള സമാധാനപരമായ പരിഹാരം എന്നിവയിൽ വിനിമയങ്ങൾ ഊന്നൽ നൽകി. അന്താരാഷ്ട്ര നിയമത്തിനും UN ചാർട്ടറിന്റെ തത്ത്വങ്ങൾക്കും അനുസൃതമായി ഉക്രെയ്നിൽ സമഗ്രവും നീതിയുക്തവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഇരുപക്ഷവും അടിവരയിട്ടു.

ഗാസയുടെ സമാധാന പദ്ധതിയ്ക്കുള്ള പിന്തുണ ഇരുപക്ഷവും ആവർത്തിക്കുകയും സമാധാനവും സ്ഥിരതയും എത്രയും വേഗം പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത അടിവരയിടുകയും ചെയ്തു.

7. കൾസൾട്ടേഷനുകളിൽ വ്യാപകമായ പൊതു സുരക്ഷാ വെല്ലുവിളികളെക്കുറിച്ച് മനസ്സിലാക്കുകയും സമുദ്ര സുരക്ഷ, ഭീകരവാദം, സൈബർ പ്രശ്നങ്ങൾ, ബഹിരാകാശം, പ്രതിരോധ വ്യവസായം, നിരായുധീകരണം, ആണവ നിർവ്യാപനം എന്നിവ ഉൾപ്പെടെ EU-ഇന്ത്യ സുരക്ഷയും പ്രതിരോധ സംഭാഷണവും സഹകരണവും ശക്തിപ്പെടുത്തുന്നതിലും ആഴത്തിലാക്കുന്നതിലും പരസ്പരമുള്ള താൽപ്പര്യം ആവർത്തിക്കുകയും ചെയ്തു. ഈ മേഖലകളിലെ പുരോഗതി ഇരുപക്ഷവും എടുത്തുകാണിക്കുകയും സമാധാനം, സുരക്ഷ, പ്രതിരോധം എന്നീ വിഷയങ്ങളിൽ സംഭാഷണവും സഹകരണവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്തു. സുരക്ഷാ-പ്രതിരോധ പങ്കാളിത്തം, വിവര സുരക്ഷാ ഉടമ്പടി എന്നിവയുടെ സമയോചിതവും വിജയകരവുമായ പൂർത്തിയാക്കലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഫലപ്രദമായ ചർച്ചകൾ ഇന്ത്യയും യൂറോപ്യൻ യൂണിയനും പ്രതീക്ഷിക്കുന്നു.

8. പങ്കാളിത്തത്തിന്റെ അടുത്ത ഘട്ടത്തിനായുള്ള തയ്യാറെടുപ്പുകളിലും ചർച്ച ശ്രദ്ധ കേന്ദ്രീകരിച്ചു, പുതിയ സംയുക്ത EU-ഇന്ത്യ സമഗ്ര തന്ത്രപരമായ അജണ്ടയുടെ വികസനത്തെ കേന്ദ്രീകരിച്ചായിരുന്നു ഇത്, അടുത്ത വർഷം ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ-ഇയു ഉച്ചകോടിയിൽ ഇത് അംഗീകരിക്കാനുള്ള താല്പര്യവും പ്രകടമാക്കി.

9. വിദേശനയ-സുരക്ഷാ കൺസൾട്ടേഷനുകൾക്ക് പൊളിറ്റിക്കൽ അഫയേഴ്സ് ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഒലോഫ് സ്കൂഗ്, ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയം സെക്രട്ടറി (വെസ്റ്റ്) ശ്രീ. സിബി ജോർജ്ജ് എന്നിവർ നേതൃത്വം നൽകി, തന്ത്രപരമായ പങ്കാളിത്ത അവലോകനത്തിന് സാമ്പത്തിക-ആഗോള വിഷയങ്ങൾക്കായുള്ള ആക്ടിംഗ് ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഒലിവിയർ ബെയ്‌ലിയും സെക്രട്ടറി (വെസ്റ്റ്)യും നേതൃത്വം നൽകി.

10. സെക്രട്ടറി (വെസ്റ്റ്) നവംബർ 20-21 തീയതികളിൽ നടന്ന EU ഇൻഡോ-പസഫിക് മന്ത്രിതല ഫോറത്തിലും പങ്കെടുത്തു, നിർണ്ണായക മാരിടൈം അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചുള്ള ഉന്നതതല പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തി. പൊതുവായ അഭിവൃദ്ധി, സാമ്പത്തിക സുരക്ഷ, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവയെക്കുറിച്ചുള്ള വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു.

**ബ്രസ്സൽസ്**

**നവംബർ 25, 2025**